**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2705** **12-07-2022 - ൽ മറുപടിയ്ക്ക്**

**പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള എത്ര പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധം I ആയും പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധം IIആയും ചേർക്കുന്നു. |
| (ബി) | ഹോസ്റ്റലുകളിലെ അന്തേവാസികളുടെ സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ? | (ബി) | പട്ടികജാതി വകുപ്പിന് കീഴിലുള്ള ഹോസ്റ്റലുകളിൽ വാർഡൻ, കുക്ക്, വാച്ച്മാൻ, പാർട്ട് ടൈം സ്വീപ്പർ എന്നിവർക്ക് പുറമേ കുട്ടികളുടെ വിദ്യാഭ്യാസവും സുരക്ഷയും ശ്രദ്ധിക്കുന്നതിനും രാത്രികാല പഠന മേൽനോട്ടത്തിനും മേട്രൻ കം റസിഡന്റ് ട്യൂട്ടർ/ റസിഡന്റ് ട്യൂട്ടർമാരെയും പ്രീമെട്രിക് ഹോസ്റ്റലുകളിൽ വിവിധ വിഷയങ്ങൾക്ക് ട്യൂഷൻ നൽകുന്നതിന് ട്യൂഷൻ അദ്ധ്യാപകരെയും നിയമിച്ചിട്ടുണ്ട്. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ സിസിടിവി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പോലീസ് ഉദ്യോഗസ്ഥർ നൈറ്റ് ബീറ്റ്/ഡേ ബീറ്റ് നടത്തുകയും ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും ചെയ്യാറുണ്ട്. ഹോസ്റ്റൽ അന്തേവാസികളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനും ശുദ്ധജല ലഭ്യതയ്ക്കും വാട്ടർ പ്യൂരിഫയർ, കൊതുകുവല എന്നിവ അനുവദിച്ചിട്ടുണ്ട്. സോളാർ പാനലുകളും മാലിന്യ നിർമ്മാർജ്ജനത്തിന് ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട ഹോസ്റ്റലുകളിലെ അന്തേവാസികളുടെ സംരക്ഷണം ഉറപ്പ് വരുത്തുന്നതിന് 24 മണിക്കൂറും വാച്ച്മാൻമാരുടെ സേവനം നൽകുന്നുണ്ട്. കൂടുതൽ സുരക്ഷ ഒരുക്കുന്നതിനായി ഹോസ്റ്റലുകളിൽ CCTV, ഹൈമാസ്റ്റ് ലൈറ്റ്, Fire Extinguisher മുതലായവയും സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിൽ സ്റ്റുഡന്റ് കൗൺസിലർമാരുടെ സേവനവും ഉറപ്പ് വരുത്തിയിട്ടുണ്ട്. ഹോസ്റ്റൽ വിദ്യാർത്ഥികളെ സ്കൂളുകളിലും തിരിച്ച് ഹോസ്റ്റലിലും എത്തിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | ദൂരപരിധിയുടെ അടിസ്ഥാനത്തിൽ ആവശ്യമുള്ളടത്ത് വാഹന ക്രമീകരണവും ചെയ്തു വരുന്നുണ്ട് . |

സെക്ഷൻ ഓഫീസർ